നം. CEE/4050/2016/KEAM_2017/TA1

കേരള സർക്കാർ
**പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം**
ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്, ശാന്തി നഗർ, തിരുവനന്തപുരം - 695 001

# വിജ്ഞാപനം

## 2017 ലെ ആർക്കിടെക്ചർ റാങ്ക് ലിസ്റ്റ് തയ്യാറാക്കുന്നതിന് യോഗ്യതാ പരീക്ഷയുടെ മാർക്കും നാറ്റാ സ്കോറും ഓൺലൈനിലൂടെ സമർപ്പിക്കണം

2017-18 അദ്ധ്യയന വർഷം കേരളത്തിലെ ആർക്കിടെക്ചർ പ്രവേശനം കൗൺസിൽ ഓഫ് ആർക്കിടെക്ചർ നടത്തുന്ന നാഷണൽ ആപ്റ്റിറ്റ്യൂഡ് ടെസ്റ്റ് ഇൻ ആർക്കിടെക്ചർ (NATA) പരീക്ഷയിൽ ലഭിച്ച സ്കോറിനും, യോഗ്യതാ പരീക്ഷയിൽ (പ്ലസ്ടു/തത്തുല്യം) ലഭിച്ച മാർക്കിനും തുല്യ പരിഗണന നൽകി പ്രവേശന പരീക്ഷാ കമ്മീഷണർ തയ്യാറാക്കുന്ന റാങ്ക് ലിസ്റ്റിന്റെ അടിസ്ഥാനത്തിലായിരിക്കും. പ്രസ്തുത റാങ്ക് ലിസ്റ്റിൽ ഉൾപ്പെടുന്നതിനായി 2017 ലെ ആർക്കിടെക്ചർ പ്രവേശനത്തിനായി അപേക്ഷിച്ചിട്ടുള്ള വിദ്യാർത്ഥികൾ അവരുടെ നാറ്റാ സ്കോറും, യോഗ്യതാ പരീക്ഷയിൽ (പ്ലസ്ടു/തത്തുല്യം) ലഭിച്ച മാർക്കും **www.cee.kerala.gov.in** എന്ന വെബ്സൈറ്റിലൂടെ ഓൺലൈനായി സമർപ്പിക്കേണ്ടതാണ്.

മേൽപ്പറഞ്ഞ വെബ്സൈറ്റിൽ കൊടുത്തിട്ടുള്ള **KEAM 2017-Candidate Portal** എന്ന ലിങ്കിലൂടെ അപേക്ഷാർത്ഥികൾ അവരവരുടെ അപേക്ഷാ നമ്പർ, പാസ്‌വേഡ് എന്നിവ നൽകി ഹോം പേജിൽ പ്രവേശിച്ച ശേഷം **'B.Arch Mark Submission'** എന്ന മെനു ഐറ്റം ക്ലിക്ക് ചെയ്ത് നാറ്റാ സ്കോറും, യോഗ്യതാ പരീക്ഷയിൽ (പ്ലസ്ടു/തത്തുല്യം) ലഭിച്ച മാർക്കും സമർപ്പിക്കാവുന്നതാണ്. മാർക്കുകൾ വെബ്സൈറ്റിൽ നിഷ്കർഷിക്കുന്നതുപോലെ രേഖപ്പെടുത്തി **'Finalise Mark Data'** എന്ന ബട്ടൺ ക്ലിക്ക് ചെയ്ത് 'Confirm' ചെയ്യേണ്ടതാണ്. അതിനു ശേഷം **"Upload NATA Score Sheet and Mark list"** എന്ന ലിങ്കിലൂടെ വിദ്യാർത്ഥി പ്ലസ് ടു/തത്തുല്യ പരീക്ഷയുടെ മാർക്ക് ലിസ്റ്റിന്റെയും, നാറ്റാ സ്കോർ കാർഡിന്റെയും PDF ഫോർമാറ്റുകൾ അപ്‌ലോഡ് ചെയ്യേണ്ടതാണ്. അപ്‌ലോഡ് ചെയ്യുന്ന സർട്ടിഫിക്കറ്റുകൾ/രേഖകൾ വ്യക്തതയുള്ളതും വായിക്കാൻ കഴിയുന്നതും അപാകമില്ലാത്തതുമായിരിക്കണം. അതിനു ശേഷം **"Print Mark Data and uploaded documents" എന്ന ലിങ്ക് ക്ലിക്ക് ചെയ്ത് 'Mark Data Sheet' എന്ന പേജിന്റെയും അപ്‌ലോഡ് ചെയ്ത സർട്ടിഫിക്കറ്റുകളുടെയും പ്രിന്റൗട്ട് എടുത്ത് വിദ്യാർത്ഥി സൂക്ഷിക്കേണ്ടതാണ്. ഇവ പ്രവേശന പരീക്ഷാ കമ്മീഷണറുടെ ഓഫീസിലേയ്ക്ക് അയയ്ക്കേണ്ടതില്ല.**

സി.ബി.എസ്.ഇ പോലെയുള്ള ഒരു വർഷത്തെ മാർക്ക് മാത്രം ലഭ്യമായ ബോർഡുകളിൽ നിന്നുള്ള വിദ്യാർത്ഥികൾ രണ്ടാം വർഷത്തെ മാർക്ക് രേഖപ്പെടുത്തി പ്രസ്തുത മാർക്ക് ലിസ്റ്റ് അപ്‌ലോഡ് ചെയ്താൽ മതിയാകും. എന്നാൽ കേരള ഹയർ സെക്കന്ററി/വൊക്കേഷണൽ ഹയർ സെക്കന്ററി പോലെ രണ്ട് വർഷത്തെ മാർക്കുകൾ ലഭ്യമായ ബോർഡുകളിൽ നിന്നുള്ള വിദ്യാർത്ഥികൾ രണ്ട് വർഷത്തെയും ആകെ മാർക്കുകൾ രേഖപ്പെടുത്തി പ്രസ്തുത മാർക്ക് ലിസ്റ്റുകൾ അപ്‌ലോഡ് ചെയ്യേണ്ടതാണ്. ഡിപ്ലോമ യോഗ്യതയുള്ള വിദ്യാർത്ഥികൾ എല്ലാ സെമസ്റ്ററുകളുടെയും ആകെ മാർക്കുകൾ രേഖപ്പെടുത്തി എല്ലാ സെമസ്റ്ററിലെയും മാർക്ക് ലിസ്റ്റുകൾ അപ്‌ലോഡ് ചെയ്യേണ്ടതാണ്.

നാറ്റാ സ്കോറും, യോഗ്യതാ പരീക്ഷയിൽ (പ്ലസ്ടു/തത്തുല്യം) ലഭിച്ച മാർക്കും ഓൺലൈനായി സമർപ്പിക്കുന്നതിനും അനുബന്ധ രേഖകൾ അപ്‌ലോഡ് ചെയ്യുന്നതിനും **15.06.2017 മുതൽ 19.06.2017 ന് വൈകുന്നേരം 5 മണി** വരെ വെബ്സൈറ്റ് ലഭ്യമാകുന്നതാണ്. മേൽപറഞ്ഞ പ്രകാരം വെബ്സൈറ്റ് വഴി യഥാസമയം മാർക്കുകൾ സമർപ്പിക്കാത്ത വിദ്യാർത്ഥികളെ 2017-ലെ ആർക്കിടെക്ചർ റാങ്ക് ലിസ്റ്റിൽ ഉൾപ്പെടുത്തുന്നതല്ല.

ഈ കാലയളവിൽ വിദ്യാർത്ഥികളെ സഹായിക്കുന്നതിനായി കേരളത്തിലുടനീളം ഫെസിലിറ്റേഷൻ സെന്ററുകൾ സജ്ജമാക്കിയിട്ടുണ്ട്. ഈ കേന്ദ്രങ്ങളുടെ പട്ടിക വെബ്സൈറ്റിൽ ലഭ്യമാണ്.

**Help Line Numbers: 0471 2339101, 2339102, 2339103, 2339104**

തിരുവനന്തപുരം
14.06.2017

**പ്രവേശന പരീക്ഷാ കമ്മീഷണർ**